ഉത്തരം

(എ)(ബി&സി) ഉദ്യോഗസ്ഥന്മാരുടെതല്ലാത്ത തികച്ചും സാങ്കേതിക കാരണങ്ങളാലാണ് താമസം നേരിട്ടത്. തുക നൽകി കഴിഞ്ഞു.

41 (616) മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റയിൽസ് ലിമിറ്റഡിന്റെ പ്രവർത്തനം

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. കെ. സുധാകരൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റയിൽസ് ലിമിറ്റഡിന്റെ പ്രവർത്തനം ആരംഭിച്ചതെന്നാണ്;

(ബി) ഇതിന്റെ പ്രവർത്തനം ആരംഭിച്ചശേഷം ഇതുവരെ ഓരോ വർഷവും ഉണ്ടായിട്ടുള്ള ലാഭനഷ്ടങ്ങൾ എത്രവീതമെന്ന് വെളിപ്പെടുത്തുമോ;

(സി) ഇവിടേക്ക് ആവശ്യമായിട്ടുള്ള എല്ലാ യന്ത്രങ്ങളും സ്ഥാപിച്ചു കഴിഞ്ഞുവോ;

(ഡി) ഇല്ലെങ്കിൽ അവ സ്ഥാപിക്കുന്നതിന് എന്തു ചെലവ് വരും;

(ഇ) യന്ത്രസാമഗ്രികളുടെ അഭാവത്തിൽ ഈ സ്ഥാപനം എപ്രകാരമാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1997 മേയ്മാസം 23-ന്

(ബി) 1997-98 -ൽ 31,87,141.23/രൂപ നഷ്ടം
1998-99- ൽ 51,78,416.01/- രൂപ നഷ്ടം

(സി) ഇല്ല

(ഡി) 42,73,000/-

(ഇ) മറ്റു മില്ലുകളുടെ സഹായം ലഭ്യമാക്കാറുണ്ട്. (യന്ത്രങ്ങളും മറ്റു ഉപകരണങ്ങളും സർവ്വീസ് ചാർജ്ജ് നൽകി അത്യാവശ്യ ഘട്ടങ്ങളിൽ ഉപയോഗിക്കുന്നു)

42 (618) വ്യാജ കൈത്തറി സംഘങ്ങൾ

ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാജ കൈത്തറി സംഘങ്ങൾ എത്രയുണ്ടെന്ന് കണ്ടുപിടിച്ചിട്ടുണ്ടോ? എങ്കിൽ അവ എത്രയെന്നും എവിടെയൊക്കെയാണ് അവ പ്രവർത്തിക്കുന്നതെന്നും അറിയിക്കുമോ;

(ബി) വ്യാജ കൈത്തറി സഹകരണ സംഘങ്ങൾ നിബേറ്റ് വെട്ടിപ്പ് നടത്തിയത് സംബന്ധിച്ച് സർക്കാർ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കണ്ടുപിടിക്കപ്പെട്ട എത്ര വ്യാജസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത സഹകരണ സംഘങ്ങൾ എത്ര തുകയുടെ റിബേറ്റ് വെട്ടിപ്പാണ് നടത്തിയിട്ടുള്ളത്;

(ഇ) റിബേറ്റ് വെട്ടിപ്പിന് കൂട്ടുനിന്ന ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; എത്ര ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കൈത്തറി മേഖലയിൽ സംസ്ഥാന സഹകരണ നിയമത്തിന്റെ പ്രസക്ത വകുപ്പുകളും ചട്ടങ്ങളും പ്രകാരം രജിസ്റ്റർ ചെയ്ത സംഘങ്ങൾ മാത്രമേ നിലവിലുള്ളൂ. രജിസ്ട്രേഷൻ ഇല്ലാത്ത വ്യാജസംഘങ്ങൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നിയമപ്രകാരം രജിസ്ട്രേഷൻ ഉള്ള സംഘങ്ങളിൽ റിബേറ്റ് ഉൾപ്പെടെയുള്ള സഹായ പദ്ധതികളിലെ ക്രമക്കേടുകൾ തടയുന്നതിന് കാലാകാലങ്ങളിൽ പരിശോധനയും പുനർ നടപടികളും സ്വീകരിക്കാറുണ്ട്. റിബേറ്റ് അനുവദിച്ച് വിൽപ്പന നടത്തുന്ന കാലയളവിൽ ക്രമക്കേടുകൾ നടത്തുന്നുണ്ടോ എന്നു പരിശോധിക്കാനായി ധനകാര്യ പരിശോധനാ വിഭാഗവും കൈത്തറി വകുപ്പിലെ ഉദ്യോഗസ്ഥന്മാരും മിന്നൽ പരിശോധന നടത്താറുണ്ട്.

(സി) അന്വേഷണത്തിൽ വ്യാജ സംഘങ്ങൾ കണ്ടുപിടിക്കപ്പെട്ടിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) റിബേറ്റ് അനുവദിച്ച് വിൽപ്പന നടന്ന അവസരങ്ങളിൽ നടത്തപ്പെട്ട പരിശോധനകളിലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട അഞ്ച് ഉദ്യോഗസ്ഥന്മാരെ സസ്പെന്റ് ചെയ്യുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

43 (619) കൈത്തറി വ്യവസായം വികസിപ്പിക്കുന്ന നടപടി

ശ്രീ. വെങ്ങാനൂർ പി. ഭാസ്ക്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി വ്യവസായം വികസിപ്പിക്കുന്നതിന്റെ ഭാഗമായി സർക്കാർ പുതിയ പദ്ധതിയെന്തെങ്കിലും ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതി എന്നു മുതൽ പ്രാബല്യത്തിൽ വരുമെന്ന് അറിയിക്കുമോ;

(ഡി) കൈത്തറി വ്യവസായം പുനരുദ്ധരിക്കുന്നതിനായി പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ)-(ഡി) കൈത്തറി, പ്രാഥമിക കേന്ദ്ര സംഘങ്ങൾക്ക് സഹകരണ ബാങ്കുകൾ നൽകുന്ന പ്രവർത്തന മൂലധനവായ്പയ്ക്ക് പലിശ ഇളവ് നൽകുന്നതിനുള്ള ഒരു പദ്ധതിക്ക് രൂപം നൽകി വരുന്നു. വായ്പ തുകയിൽ ബാങ്ക് ഈടാക്കുന്ന പലിശയിൽ ഒരു ഭാഗം സബ്സിഡിയായി നൽകുവാനാണ് ഉദ്ദേ

LIBRARY ARCHIVES Kerala Legislative Assembly